# ക്രൂശിങ്കൽ നിന്ന സ്ത്രീകൾ

ക്രൂശിലെ യേശുവിന്റെ ആദ്യ മൂന്നു മണിക്കുറുകളിൽ, യോഹന്നാന്റെ ലിസ്റ്റനുസരിച്ച്, താഴെ പറയുന്ന സ്ത്രീകൾ "യേശുവിന്റെ ക്രൂശിനടുത്ത് നിന്നിരുന്നു": "അവന്റെ അമ്മ [മറിയ] യും അവന്റെ അമ്മയുടെ സഹോദരിയും, ക്ലെയോപാവിന്റെ ഭാര്യയുമായ മറിയയും, മഗ്ദലക്കാരത്തി മറിയയും" (യോഹന്നാൻ 19:25). "ക്ലെയോപാവിന്റെ ഭാര്യ മറിയ," യേശുവിന്റെ അമ്മയുടെ സഹോദരി ആയിരുന്നു, എന്നാൽ രണ്ടും രണ്ടുപേരായിരുന്നു എന്നു നാം മനസിലാക്കണം. താഴെ കൊടുത്തിരിക്കുന്നതടക്കം പല കാരണങ്ങൾ ഈ തീർപ്പിലെത്തുവാൻ ജെ.ഡബ്ലിയു. മെക്ഗാർവേ പറയുന്നുണ്ട്.[1] (1) രണ്ട് സഹോദരിമാർക്ക് ഒരേപേർ ഉണ്ടാകുന്നതു സാധാരണയല്ല - മറിയ. (2) "യോഹന്നാൻ രണ്ട് ജോഡി സ്ത്രീകളെ പറ്റി പറയുന്നുണ്ട്, അവക്കിടയിൽ 'ഉം' എന്നുപയോഗിക്കയും ചെയ്തിരിക്കുന്നു. ആദ്യത്തെ ജോഡി യേശുവിന്റെ ബന്ധുക്കളായിരുന്നു, അവരുടെ പേർ നൽകിയിട്ടില്ല, മറ്റു രണ്ട് ജോഡിയോട് സമാന്തരമായിട്ടാണ് പറഞ്ഞിരിക്കുന്നത്, അവർ ബന്ധുക്കളായിരുന്നില്ല, അവരുടെ പേർ നൽകുകയും ചെയ്തിരിക്കുന്നു. അത്തരം സമാന്തരത എബ്രായ ലേഖകൻ നൽകുന്നുണ്ട്."[2] (3) തന്റെ വീട്ടിലെ ആരുടേയും പേർ പറയാതിരിക്കുക എന്ന യോഹന്നാന്റെ പതിവ് അനുസരിച്ച്, മറിയയുടെ സഹോദരിയുടെ പേരും വിട്ടുകളഞ്ഞു. (യോഹന്നാൻ, തന്റേയോ, സഹോദരൻ യാക്കോബിന്റേയോ, അമ്മയുടേയോ പേർ പറഞ്ഞില്ല; യേശുവിന്റെ അമ്മയുടെ പേരും അവൻ പറഞ്ഞില്ല, അവൾ അവന്റെ അമ്മായി ആയിരുന്നേക്കാം.) യോഹന്നാൻ നാല് സ്ത്രീകളെകുറിച്ചാണ് പറയുന്നതെന്ന് നാം പറഞ്ഞവസാനിപ്പിക്കുന്നു.

ക്രൂശിലെ യേശുവിന്റെ അവസാന മൂന്നു മണിക്കൂറുകളിൽ - യേശുവിന്റെ അമ്മയെ അവിടെനിന്നു മാറ്റിയശേഷം (യോഹന്നാൻ 19:26, 27) - മൂന്നു സ്ത്രീകളുടെ ഒരു സംഘം അപ്പോഴും ക്രൂശിനടുത്ത്നിന്നു "ദൂരെ മാറി നോക്കിക്കൊണ്ടിരുന്നു" (മത്തായി 27:55; മർക്കൊസ് 15:40). ആ സ്ത്രീകളുടെ ലിസ്റ്റ് മത്തായി നല്കുന്നതു ഇപ്രകാരമാണ്: "മഗ്ദലക്കാരത്തി മറിയയും, യാക്കൊബിന്റേയും യോസെയുടേയും അമ്മ മറിയയും, സെബദിമക്കളുടെ അമ്മയും" (മത്തായി 27:56). മർക്കൊസിന്റെ ലിസ്റ്റ് "മഗ്ദലക്കാരത്തി മറിയയും, ചെറിയ യാക്കൊബിന്റേയും യോസെയുടേയും അമ്മ മറിയയും, ശലോമിയും" എന്നാണ് (മർക്കൊസ് 15:40). മത്തായിയുടേയും മർക്കൊസിന്റേയും രണ്ട് പേരുകൾ ഒന്നു തന്നെയാണ്. മഗ്ദലക്കാരത്തി മറിയയും യാക്കൊബിന്റേയും (ചെറിയ) യോസേഫിന്റേയും (യോസെ) അമ്മ മറിയയും. അതു മർക്കൊസിന്റെ ലിസ്റ്റിലെ ശലോമി തന്നെയാണ് മത്തായിയുടെ ലിസ്റ്റിലെ "സെബദി മക്കളുടെ അമ്മ" എന്നു പറഞ്ഞിരിക്കുന്നതു എന്നാണ് സൂചന. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ശലോമിയായിരുന്നു യാക്കൊബിന്റേയും യോഹന്നാന്റേയും അമ്മ.

യോഹന്നാന്റെ ലിസ്റ്റിൽ മഗ്ദലക്കാരത്തി മറിയ ആദ്യം വരികയും മത്തായിയുടേയും മർക്കൊസിന്റേയും ലിസ്റ്റിൽ പിന്നീട് വരികയും ചെയ്യുന്നതു

കൊണ്ട്, മിക്ക പണ്ഡിതന്മാരും വിശ്വസിക്കുന്നത് ലിസ്റ്റിൽ പറയുന്ന സ്ത്രീകൾ ഒന്നു തന്നെയാണെന്നാണ്. അത് അങ്ങനെയാണെങ്കിൽ, മുൻപു പറഞ്ഞ രണ്ടു ഖണ്ഡികയിലേയും തീർപ്പുകൾ മനസിൽ വെച്ച്, ഇതാ ലിസ്റ്റിന്റെ ഒരു താരതമ്യം:

| *യോഹന്നാന്റെ ലിസ്റ്റ്* | *മത്തായിയുടേയും മർക്കൊസിന്റേയും ലിസ്റ്റ്* |
| --- | --- |
| യേശുവിന്റെ അമ്മ മറിയ | (രംഗത്തു നിന്നു പോയി) |
| യേശുവിന്റെ അമ്മയുടെ സഹോദരി | സെബദിയുടെ ഭാര്യ, ശലോമി, സഹോദരി |
| ക്ലെയോപാവിന്റെ ഭാര്യ | യാക്കൊബിന്റേയും യോസെയുട്യയും അമ്മ മറിയ |
| മഗ്ദലക്കാരത്തി മറിയ | മഗ്ദലക്കാരത്തി മറിയ |

"മറ്റു പല സ്ത്രീകളും വന്നിരുന്നതുകൊണ്ട്" (മർക്കൊസ് 15:41), ശലോമി യേശുവിന്റെ അമ്മയുടെ സഹോദരി ആയിരുന്നോ എന്ന് ഒരാൾ സംശയിച്ചേക്കാം, എന്നാൽ സാധ്യതയാണെങ്കിൽ പോലും, അങ്ങനെയാകാനാണ് ശക്തമായ സാധ്യത. മറ്റൊരിടത്ത് നാം ശ്രദ്ധിച്ചതുപോലെ, അപ്പൊസ്തലന്മാരായിരുന്ന യാക്കൊബും യോഹന്നാനും യേശുവിന്റെ ബന്ധത്തിലുള്ള സഹോദരങ്ങളായിരുന്നു എന്ന് വരുന്നു.

---

കുറിപ്പുകൾ

[1]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 225. [2]ഇബിഡ്.